# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2095 11.03.2020- ൽ മറുപടിക്ക്

## ഉജ്ജീവനം പദ്ധതി

ചോദ്യം ഉത്തരം

ശ്രീ.സജി ചെറിയാൻ

ശ്രീ. ഇ.പി.ജയരാജൻ
(വ്യവസായവും സ്പോർട്സും
യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പ്രളയബാധിതരായ ചെറുകിട വ്യവസായ സംരംഭകർക്ക് ആശ്വാസം നൽകുന്ന ഉജ്ജീവനം പദ്ധതി നടപ്പിലാക്കുവാൻ ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | എ) | 17/12/2018 ലെ സ.ഉ.(കൈ)27/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിൽ നഷ്ടമുണ്ടായവർക്കും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് "ഉജ്ജീവന വായ്പാ പദ്ധതി" യ്ക്ക് രൂപം നൽകിയിരുന്നു. ആയതിൻപ്രകാരം ബാങ്കുകൾ അനുവദിക്കുന്ന ടേം ലോൺ അല്ലെങ്കിൽ പ്രവർത്തന മൂലധനത്തിന്മേൽ മാർജിൻ മണി അല്ലെങ്കിൽ താങ്ങ് പലിശ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയിൽ നിന്നും സർക്കാർ നൽകിവരുന്നുണ്ട്. വായ്പ അനുവദിക്കുന്ന ബാങ്ക് സർക്കാരിൽ ക്ലെയിം സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർമാർ മുഖാന്തിരം തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകി വരുന്നത്. ഈ പദ്ധതിയുടെ കാലാവധി 2020 മാർച്ച് 31 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) | ഈ പദ്ധതി പ്രകാരം ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് അറിയിക്കാമോ; | ബി) | 213 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| സി) | ഇതിൽ എത്രപേർക്ക് സഹായം അനുവദിച്ചു എന്ന് അറിയിക്കുമോ? | സി) | 106 അപേക്ഷകളിൽ ബാങ്ക് വായ്പകൾ അനുവദിച്ചു. ആയതിൽ 90 എണ്ണത്തിന്റെ സബ്സിഡി സർക്കാരിൽ നിന്നും അനുവദിച്ചിട്ടുണ്ട്. റവന്യൂ വകുപ്പാണ് ഗുണഭോക്താക്കൾക്ക് തുകകൾ നല്കേണ്ടത്. |

Anilkumar
സെക്ഷൻ ഓഫീസർ